ഉത്തരം

(എ) ഉണ്ട്.

(ബി & സി) 20000-ന് മുകളിൽ ഉപഭോക്താക്കളുള്ള സെക്ഷനുകൾ വിസ്തീർണ്ണം കൂടി കണക്കിലെടുത്ത് വിഭജിക്കുന്ന കാര്യം പരിഗണനയിലാണ്.

അനർട്ടിന്റെ പർച്ചേസുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം

37 [2654] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനർട്ട് എന്ന സ്ഥാപനം നടത്തിയിട്ടുള്ള പർച്ചേസിലെ ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ വിശദാംശങ്ങളും ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ;

(സി) അനർട്ട് ക്ഷണിച്ച ടെണ്ടറിൽ പങ്കെടുക്കാതിരുന്നിട്ടും പെൽ ഡ്രൈവ് എന്ന സഹകാര്യ കമ്പനിയിൽ നിന്ന് ഉൽപ്പന്നങ്ങൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര തുക്യ്ക്കുള്ള ഉൽപ്പന്നങ്ങൾ വാങ്ങിയെന്ന് വെളിപ്പെടുത്താമോ;

(ഡി) അവയുടെ ഗുണനിലവാരം, സാമ്പിൾ മൊത്തമായി പരിശോധിച്ച് തൃപ്തിപ്പെട്ടിട്ടുണ്ടോ;

(ഇ) ടി പർച്ചേസ് ഇപ്പോഴത്തെ വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വന്നിട്ടുണ്ടോ;

(എഫ്) ഇപ്പോൾ അനർട്ടിന്റെ ഡയറക്ടറായി ഇരിക്കുന്ന ആൾ പ്രസ്തുത പെൽ ഡ്രൈവ് എന്ന കമ്പനിയുടെ ഉടമയും എം. ഡി.-യുമായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഉന്നത സ്ഥാപന മേധാവികളെ നിയമിക്കുന്നതിന് മുമ്പായി വിജിലൻസ് ക്ലിയറൻസ് ആവശ്യമാണോ; എങ്കിൽ പ്രസ്തുത നിയമനത്തിൽ അപ്രകാരം വിജിലൻസ് ക്ലിയറൻസ് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില പർച്ചേസുകളെക്കുറിച്ച് അന്വേഷണം പൂർത്തിയായിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. 26,40,000 രൂപയ്ക്കുള്ളത്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

(ജി) ആവശ്യമാണ്. ഇപ്പോൾ ഡയറക്ടറായിരിക്കുന്നയാൾ സർക്കാർ ഉദ്യോഗസ്ഥനല്ലായിരുന്നതിനാൽ വിജിലൻസ് ക്ലിയറൻസ് ആവശ്യപ്പെട്ടിരുന്നില്ല.

സർക്കാർ നിർദ്ദേശം ലംഘിച്ച അനർട്ടിന്റെ ഡയറക്ടർക്കെതിരെ നടപടി

38 [2655] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാർ ഫണ്ട് ഉപയോഗിച്ച് അനർട്ട് സോളാർ ഉപകരണങ്ങൾ വാങ്ങാൻ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന സ്വകാര്യ കമ്പനികളുടെ ഒരു പാനൽ നിലവിലുണ്ടോ;

(ബി) തിരുവനന്തപുരത്തെ പെൽ ഡ്രൈവ് എന്ന കമ്പനി ഈ പാനൽ ലിസ്റ്റിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോഴത്തെ അനർട്ട് ഡയറക്ടറുടെ നിയമന ഉത്തരവിൽ ഈ കമ്പനിയുമായുള്ള എല്ലാ ബന്ധങ്ങളും വിച്ഛേദിച്ച ശേഷം മാത്രമേ പദവി ഏറ്റെടുക്കാൻ പാടുള്ളൂ എന്ന് ആവശ്യപ്പെട്ടിരുന്നോ;

(ഡി) ഈ വ്യക്തി ഇപ്പോഴും പ്രസ്തുത കമ്പനിയുടെ ഉടമസ്ഥരിൽ ഒരാളായി തുടരുന്നുണ്ടോ;

(ഇ) ടിയാൾ അനർട്ട് ഡയറക്ടറായി ചാർജ് എടുത്തതും പെൽഡ്രൈവ് കമ്പനിയുടെ ഉടമസ്ഥാവകാശം ഒഴിഞ്ഞതുമായ തീയതികൾ ഏതെല്ലാമാണ്; ഇതിന്റെ രേഖ ലഭ്യമാക്കുമോ;

(എഫ്) സർക്കാർ നിർദ്ദേശം ലംഘിച്ച് അനർട്ട് മേധാവിയായി തുടരുകയും സാമ്പത്തിക ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly